I ഇ.ബി. XV -  കേരള നിയമസഭ/VII-5

# പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ഡിസംബർ 09, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. അടിയന്തരപ്രമേയം

ലഹരി ഉപയോഗംമൂലമുണ്ടാകുന്ന അക്രമസംഭവങ്ങൾ

മി. സ്പീക്കർ: സംസ്ഥാനത്ത് ലഹരിയുടെ ഉപയോഗംകൊണ്ടുള്ള അക്രമങ്ങളും സ്ത്രീപീഡനങ്ങളും വർദ്ധിക്കുന്നതുമൂലം സമൂഹത്തിൽ ആശങ്ക ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഡോ. മാത്യു കുഴൽനാടൻ, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ  അംഗങ്ങൾ റൂൾ 50

അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): മയക്കുമരുന്ന് ഭീഷണി നേരിടുന്ന പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ടാണ് മയക്കുമരുന്ന് വിപത്തിനെതിരായ ജനകീയ ക്യാമ്പയിനും ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളും ആരംഭിച്ചിട്ടുള്ളത്. കക്ഷിരാഷ്ട്രീയ ഭേദമെന്യേ ഒക്ടോബർ 2 മുതൽ നവംബർ 1 വരെ ക്യാമ്പയിന്റെ ആദ്യഘട്ടം നടത്തുകയും നവംബർ 14 മുതൽ 2023 ജനുവരി 26 വരെ രണ്ടാം ഘട്ടം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. മയക്കുമരുന്ന് കടത്തലിനും ഉപയോഗത്തിനും വിൽപ്പനയ്ക്കുമെതിരെ എക്സൈസ്, പോലീസ് വകുപ്പുകൾ സംയുക്തമായി പ്രതിരോധ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് - പോലീസ് വകുപ്പുകളുടെ നേതൃത്വത്തിൽ നിരവധി പ്രതികളെ അറസ്റ്റ് ചെയ്യുകയും വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. മയക്കുമരുന്ന് കേസ്സുകളിൽ സ്ഥിരം കുറ്റവാളികളായവർക്കെതിരെ പി.ഐ.ടി.എൻ.ഡി.പി.എസ്. ആക്ട് പ്രകാരം നിയമനടപടികൾ സ്വീകരിക്കുന്നതോടൊപ്പം ലഹരിക്ക് അടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. എക്സൈസ്-ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടെ എല്ലാ ജില്ലകളിലും

ഡീ-അഡിക്ഷൻ കേന്ദ്രങ്ങളും സംസ്ഥാനത്തെ മൂന്ന് മേഖലകളിലായി കൗൺസിലിംഗ് കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും ശാസ്ത്രീയമായ കൗൺസിലിംഗ് സൗകര്യം ഉറപ്പുവരുത്തുന്നതിനായി എക്സൈസ് വകുപ്പിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 140 ഉദ്യോഗസ്ഥന്മാർക്ക് ബാംഗ്ലൂരിലെ നിംഹാൻസിൽ പരിശീലനം നൽകിയതിനുശേഷം കൗൺസിലിംഗിനായി നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനതല ലഹരിവിരുദ്ധ സമിതിയുടെ മാതൃകയിൽ ജില്ലകളിലും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും വാർഡുകളിലും വിദ്യാലയങ്ങളിലും ലഹരിവിരുദ്ധ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. പോലീസ്-ഇന്റലിജൻസ്-എക്സൈസ് വിഭാഗങ്ങളുടെ സംയുക്ത പരിശോധനയിൽ ലഹരിവിൽപ്പന നടത്തുന്നതായി കണ്ടെത്തിയ വിദ്യാലയങ്ങളുടെ പരിസരത്ത് നിരീക്ഷണം ശക്തിപ്പെടുത്തുകയും ലഹരിവിൽപ്പനക്കാരെന്ന് സംശയിക്കപ്പെടുന്നവരുടെ വിവരങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കുനേരെ ലഹരിമാഫിയ നടത്തുന്ന അക്രമങ്ങളെ ശക്തമായി നേരിടുന്നതാണ്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സംസ്ഥാനത്ത് മയക്കുമരുന്നിന്റെ അപകടകരമായ വിപത്തിനെതിരെ ക്യാമ്പയിൻ ആരംഭിച്ചെങ്കിലും

ഫലപ്രാപ്തിയിലെത്തിക്കാൻ സാധിച്ചിട്ടില്ല. മയക്കുമരുന്ന് മാഫിയയെ പ്രതിരോധിക്കാതിരിക്കുകയും രാഷ്ട്രീയ സംരക്ഷണം കൊടുക്കുകയും ചെയ്യുന്നതുകൊണ്ടാണ് അവരുടെ സ്വാധീനം സംസ്ഥാനത്ത് വർദ്ധിക്കുന്നത്. നിരവധി പരാതികൾ നൽകിയിട്ടും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകാത്തതിനാലാണ് സംസ്ഥാനത്ത് ഇത്തരം അക്രമങ്ങൾ വർദ്ധിക്കുന്നത്. ഗൗരവതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): നിയമസഭയും കേരളസമൂഹവും ഒറ്റക്കെട്ടായി മയക്കുമരുന്നിനെതിരെയുള്ള പോരാട്ടത്തിൽ പുലർത്തിവരുന്ന ഐക്യത്തെ തകർക്കാനുള്ള പരാമർശമാണ് പ്രമേയാവതാരകന്റെ ഭാഗത്തുനിന്നുണ്ടായത്. സംസ്ഥാനത്ത് കക്ഷിരാഷ്ട്രീയം നോക്കാതെ എല്ലാവരെയും അണിനിരത്തിക്കൊണ്ട് നടത്തിയ മനുഷ്യശൃംഖല ലഹരി മാഫിയയ്ക്കെതിരെയുള്ള രാഷ്ട്രീയ യുദ്ധമാണ്. എക്സൈസ് വകുപ്പിൽ ഡിജിറ്റൽ വയർലസ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. 37 പുതിയ വാഹനങ്ങളും 83 പുതിയ 9 എം.എം. ഓട്ടോപിസ്റ്റലുകളും വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മൂന്ന്

സോണുകളിലായി ആധുനിക ചോദ്യം ചെയ്യൽ മുറികൾ സ്ഥാപിച്ചിട്ടുണ്ട്. കേസന്വേഷണം ഫലപ്രദമാക്കുന്നതിന് സൈബർ സെൽ നവീകരിച്ചിട്ടുണ്ട്. മയക്കുമരുന്നുപയോഗം കണ്ടെത്താനുതകുന്ന പുതിയ ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ വിതരണം ചെയ്യുകയും സംസ്ഥാന അതിർത്തികളിൽ പരിശോധന ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. മയക്കുമരുന്ന് കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ പോലീസ് ബോംബ് സ്ക്വാഡിന്റെ സഹായത്തോടെ എക്സൈസ് വകുപ്പ് നടത്തിവരുന്നു. സംസ്ഥാനത്തെ പതിനാല് ചെക്ക്പോസ്റ്റുകളിൽ സി.സി. ടി.വി. ക്യാമറകൾ സ്ഥാപിച്ച് പരിശോധന നടത്തുന്നതിനുപുറമേ ചെക്ക്പോസ്റ്റുകളില്ലാത്ത അതിർത്തി റോഡുകളിൽ വാഹനപരിശോധന ശക്തമാക്കിയിട്ടുണ്ട്. അതിർത്തി റോഡുകളിൽ സ്ഥിരമായ വാഹന പരിശോധനയ്ക്കുവേണ്ടി കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നടപടിയായിട്ടുണ്ട്. മയക്കുമരുന്ന് മാഫിയയ്ക്കെതിരെ ഒറ്റക്കെട്ടായി ജാഗ്രത പുലർത്തണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ലഹരിമരുന്ന് ഉപയോഗത്തിന്റെ ഫലമായി അക്രമങ്ങളും സ്ത്രീപീഡനങ്ങളും

വർദ്ധിച്ചുവരികയാണ്. ലഹരിവിരുദ്ധ കാമ്പയിനുകൾ ഒരുവശത്ത് നടക്കുമ്പോഴും ഞെട്ടിപ്പിക്കുന്ന റിപ്പോർട്ടുകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ലഹരിയെത്തുന്ന വഴികളോ അവയുടെ ഉറവിടങ്ങളോ കണ്ടെത്താൻ കഴിയുന്നില്ല. സ്കൂളുകൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് സംഘങ്ങൾ പ്രവർത്തിക്കുന്നുവെന്നുള്ളത് ആശാസ്യകരമല്ല. നാട്ടിൽ സജീവമായി പ്രവർത്തിച്ചിരുന്ന എസ്.എഫ്.ഐ. പ്രവർത്തകരാണ് മേപ്പാടി പോളിടെക്നിക്കിൽ ലഹരി ഉപയോഗത്തിന് നേതൃത്വം നൽകുന്നതെന്നാണ് പുറത്തുവരുന്ന വിവരം.

(പ്രതിപക്ഷ നേതാവിന്റെ പ്രസംഗത്തിനിടെയുണ്ടായ പരാമർശത്തിൽ പ്രതിഷേധിച്ച് ഭരണ-പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. വി. ഡി. സതീശൻ: ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കെടുത്ത എം.എസ്.എഫ്. നേതാവ് അപർണാഗൗരിയെ ആക്രമിച്ച കേസിൽ അറസ്റ്റിലായ അതേ പ്രതികളാണ് മൂന്നു മാസങ്ങൾക്കുമുമ്പ് അവിടെ സ്ഥാപിച്ചിരുന്ന എം.എസ്.എഫ്.-ന്റെ കൊടിമരം പിഴുതത്. മയക്കുമരുന്ന് സംഘം ആ കാമ്പസിൽ യഥേഷ്ടം വിഹരിക്കുകയാണ്.

(ഭരണ-പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭാനടപടികൾ സുഗമമായി

നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ കാര്യവിവരപ്പട്ടികയിലെ തുടർന്നുള്ള നടപടികൾ സസ്പെൻഡ് ചെയ്തു.)

സഭ രാവിലെ 11.02-ന് പിരിഞ്ഞു.

********